"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - വൃക്ക രോഗികൾക്ക് ഡയാലിസിസിന് ധനസഹായം നൽകുന്ന പ്രോജക്റ്റ് 2026-27 വർഷം നടപ്പാക്കുന്നതിന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിനും, പ്രോജക്റ്റ് ഏറ്റെടുക്കുന്നതിന് സന്നദ്ധരായ മറ്റ് ബ്ലോക്ക് പഞ്ചായത്തുകൾക്കും അനുമതി നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിഎ) വകുപ്പ്**

സ.ഉ.(സാധാ) നം.1468/2026/LSGD തീയതി,തിരുവനന്തപുരം, 07-08-2026

---

പരാമർശം:-

1. സ.ഉ.(കൈ) നം.115/2022/തസ്വഭവ; തീയതി 28.05.2022.
2. 18.09.2022 ലെ ഡിഎ1/122/2023-തസ്വഭവ നമ്പർ സർക്കുലർ.
3. സ.ഉ.(സാധാ) നം.424/2024/LSGD; തീയതി 22.02.2024.
4. സ.ഉ.(സാധാ) നം.1419/2024/LSGD; തീയതി 02.08.2024.
5. സ.ഉ.(സാധാ) നം.1847/2025/LSGD; തീയതി 26.07.2025.
6. ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റിന്റെ 27.06.2026ലെ 340059/2026 നമ്പർ കത്തും ബ്ലോക്ക് പഞ്ചായത്ത് ഭരണസമിതിയുടെ 11.03.2026-ൽ കൂടിയ യോഗത്തിന്റെ 7-ാം നമ്പർ തീരുമാനവും.

**ഉത്തരവ്**

വൃക്ക രോഗികൾക്കു ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം നൽകുന്ന പ്രോജക്റ്റ് ഏറ്റെടുക്കാൻ ഗ്രാമപഞ്ചായത്തുകൾക്കും നഗരഭരണസ്ഥാപനങ്ങൾക്കും പരാമർശം 1 സബ്സിഡി - ധനസഹായം - അനുബന്ധ വിഷയങ്ങൾ സംബന്ധിച്ച മാർഗ്ഗരേഖയുടെ ഖണ്ഡിക 7.6.7 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾക്ക് ഈ പ്രോജക്റ്റ് നേരിട്ട് ഏറ്റെടുക്കാൻ നിലവിൽ അനുമതിയില്ല. ബ്ലോക്ക്/ജില്ലാ പഞ്ചായത്തുകൾ വിഹിതം ഗ്രാമപഞ്ചായത്തുകൾക്ക് കൈമാറിയാണ് പദ്ധതിയുടെ ഭാഗമാകേണ്ടത്.

2. ബ്ലോക്ക് പഞ്ചായത്തിന് നേരിട്ട് മേൽ പ്രോജക്റ്റ് ഏറ്റെടുക്കാൻ അനുമതി ഇല്ലാത്ത സാഹചര്യത്തിൽ ഇതിൽ ഇളവ് അഭ്യർത്ഥിച്ച് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് അപേക്ഷ ലഭ്യമാക്കുകയും, ആയത് പരിശോധിച്ച്, 2022-23 മുതൽ 2024-25 വരെ വൃക്ക രോഗികൾക്ക് ഡയാലിസിസിനു ധനസഹായം നൽകുന്നതിന് പ്രോജക്റ്റ് ഏറ്റെടുത്ത് നടപ്പാക്കുന്നതിന് പരാമർശം 3, 4 ഉത്തരവുകൾ പ്രകാരം അനുമതി നൽകുകയും ചെയ്തിരുന്നു. 2025-26-ൽ പ്രസ്തുത പ്രോജക്റ്റ് നടപ്പാക്കുന്നതിന് പരാമർശം 5 ഉത്തരവ് പ്രകാരമാണ് അനുമതി നൽകിയിരുന്നത്. വൃക്കരോഗികൾക്ക് ഡയാലിസിസ് ചികിത്സ ധനസഹായം നൽകൽ എന്ന പദ്ധതി, 2026-27 വർഷത്തിൽ 22/2027, 41/2027 നമ്പർ പ്രോജക്റ്റുകളായി നടപ്പാക്കുന്നതിന്

ജില്ലാ ആസൂത്രണസമിതി അംഗീകാരം ലഭിച്ചിട്ടുള്ളതിനാൽ, പ്രസ്തുത പദ്ധതി ഈ വർഷം നടപ്പാക്കുന്നതിന് അനുമതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് പരാമർശം 6 പ്രകാരം അപേക്ഷ ലഭ്യമാക്കിയിട്ടുണ്ട്.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വൃക്ക രോഗികൾക്കു ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം നൽകുന്ന പ്രോജക്റ്റ് (22/2027, 41/2027) നേരിട്ട് ഏറ്റെടുത്ത് 2026-27 വർഷം നടപ്പാക്കുന്നതിന് ഒറ്റപ്പാലം ബ്ലോക്ക് പഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു. വൃക്ക രോഗികൾക്കു ഡയാലിസിസ് നടത്തുന്നതിനുള്ള ധനസഹായം നൽകുന്ന പ്രോജക്റ്റ് നേരിട്ട് ഏറ്റെടുത്ത് 2026-27 വർഷം നടപ്പാക്കുന്നതിന് മുന്നോട്ടു വരുന്ന മറ്റു ബ്ലോക്ക് പഞ്ചായത്തുകൾക്കും ഈ ഉത്തരവ് പ്രകാരം നടപടിയെടുക്കാവുന്നതാണ്. പ്രസ്തുത പ്രോജക്റ്റ് നടപ്പാക്കുന്നതിന് പരാമർശം 1 മാർഗ്ഗരേഖ, പരാമർശം 2 സർക്കുലർ എന്നിവയിലെ മറ്റ് മാനദണ്ഡങ്ങൾ കൃത്യമായി പാലിക്കേണ്ടതാണ്. ബ്ലോക്ക് പഞ്ചായത്ത് പരിധിയിലുള്ള ഗ്രാമപഞ്ചായത്തുകളും ഇതിനായി പ്രോജക്റ്റ് ഏറ്റെടുക്കുന്ന സാഹചര്യങ്ങളിൽ, ഗ്രാമപഞ്ചായത്തുകളുമായി ഏകോപിച്ചു പ്രോജക്റ്റ് നടപ്പാക്കേണ്ടതും, ഗുണഭോക്താക്കളിൽ ഇരട്ടിപ്പ് ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ജില്ലാ/ഗ്രാമപഞ്ചായത്ത് വിഹിതം ബ്ലോക്ക് പഞ്ചായത്തിനു ലഭിച്ചാൽ ഇതു കൂടി ഉൾപ്പെടുത്തി വേണം ധനസഹായം നൽകേണ്ടത്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ദീപ വി

ജോയിന്റ് സെക്രട്ടറി

1. എല്ലാ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർക്കും സെക്രട്ടറിമാർക്കും.
2. മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്.
3. പ്രിൻസിപ്പൽ ഡയറക്ടർ, തദ്ദേശ സ്വയംഭരണ വകുപ്പ്.
4. ഡയറക്ടർ-റൂറൽ, തദ്ദേശ സ്വയംഭരണ വകുപ്പ്.
5. ഡയറക്ടർ, ആരോഗ്യ വകുപ്പ്.
6. ചീഫ്, വികേന്ദ്രീകൃതാസൂത്രണം, സംസ്ഥാന ആസൂത്രണ ബോർഡ്.
7. എല്ലാ ജില്ലാ ആസൂത്രണ സമിതി അദ്ധ്യക്ഷന്മാർക്കും.
8. എല്ലാ ജില്ലാ കളക്ടർമാർക്കും.
9. എല്ലാ ജില്ലാ പ്ലാനിംഗ് ഓഫീസർമാർക്കും.
10. എല്ലാ ജോയിന്റ് ഡയറക്ടർമാർക്കും (തദ്ദേശ സ്വയംഭരണ വകുപ്പ്).
11. ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്.
12. ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്.
13. ഡയറക്ടർ ജനറൽ, കില.
14. എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ.
15. പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്) കേരള, തിരുവനന്തപുരം.
16. വിവര പൊതുജനസമ്പർക്ക (വെബ് &ന്യൂ മീഡിയ) വകുപ്പ്.
17. ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ജനറൽ) വകുപ്പ്.
18. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

Digitally signed by
Viraj K
Date: 07-08-2026
14:48:55

സെക്ഷൻ ഓഫീസർ

പകർപ്പ്:-

1. ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്.
2. തദ്ദേശ സ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എയ്ക്ക്.
3. തദ്ദേശ സ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ പി.എയ്ക്ക്.